# ഒരു യുവാവും കറൻറുകസേരയും

(വെയിൻ ടേണർ എന്ന ചെറുപ്പക്കാരൻ ജയിലിൽനിന്നും എഴുതിയതു്.)

ഞാൻ ഓരോ ദിവസവും മരണത്തിൻെറ താഴ്വരയിൽക്കൂടിയാണു് നടക്കുന്നതെങ്കിലും എൻെറ ജീവിതത്തിൽ ഇത്ര സന്തോഷകരമായ ഒരു കാലയളവു് മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. കനത്ത കരിങ്കൽ ഭിത്തിയും ഇരുമ്പഴികളുമുള്ള ഈ മുറിയാണു് ഇന്നു് എൻെറ ഭവനം. വൈദ്യുത കസേരയിലെ മരണശിക്ഷയ്ക്കു ഞാൻ വിധിക്കപ്പെട്ടിരിക്കുന്നു, എങ്കിലും ഞാൻ ദൈവത്തെ സ്തുതിക്കുന്നു. അതേ, പ്രിയ സ്നേഹിതാ, കൊലപാതകം എന്ന കുററത്തിനു ഞാൻ വധശിക്ഷയും പ്രതീക്ഷിച്ചിരിക്കയാണു്. എൻെറ പതിമൂന്നാമത്തെ വയസ്സിലാണു് ജയിൽ മുറി ആദ്യമായി കാണുന്നതു്. ഇന്നു് എനിക്കു് 27 വയസ്സുണ്ടു്.

ജീവിതത്തിന്റെ പകുതിയിലധികവും വിവിധ കുറ്റങ്ങൾക്ക് ഞാൻ ജയിലിലാണ് കഴിഞ്ഞിട്ടുള്ളതു് മാത്രമല്ല എന്റെ ജീവിതം മുഴുവനും ദൈവത്തെ അറിയാതെയാണ് ഞാൻ ജീവിച്ചതും.

ചിലപ്പോൾ ഒരുവന്റെ കണ്ണുതുറക്കുവാൻ ഒരു വലിയ ആഘാതം ഉണ്ടാകണം. എന്റെ കാര്യത്തിൽ അതൊരു കൊലപാതകമായിരുന്നു. അതോടെ പകലും രാത്രിയും ഒരുപോലെ ഞാൻ ഭയന്നു വിറച്ചു എനിക്ക് അല്പം ആശ്വാസം ലഭിക്കുവാൻ ഒരു മാർഗ്ഗവുമില്ലാതായി.

ഈ കാലയളവിൽ ഒക്കെയും ഞായറാഴ്ച ഉച്ചതിരിഞ്ഞു് ഒരു പട്ടക്കാരൻ ജയിലിൽവന്നു് ഞങ്ങൾക്കായി ആരാധന നടത്തിക്കൊണ്ടിരുന്നു. ദൈവദാസന്മാർ എന്നെ ക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം നേടുന്നതിനായി നിർബന്ധിച്ചു. ഞാൻ വഴങ്ങിയില്ല. ദൈവത്തേയും മനുഷ്യരേയും ഒരുപോലെ വെറുത്തു. ആരാധനാസമയത്തു് ഞാൻ ഏറ്റവും പിന്നിൽ പതുങ്ങിയിരിക്കും. എന്നെപ്പോലെ ഒരു പാപിയെ എങ്ങനെ ദൈവത്തിനു രക്ഷിപ്പാൻ കഴിയും എന്നു ഞാൻ ചിന്തിച്ചു.



എന്റെ കുടുംബത്തിലുള്ളവർ എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചിലപ്പോൾ എഴുതുകയും ചെയ്തുകൊണ്ടിരുന്നു. എന്റെ വലിയപ്പൻ ചെറുപ്പത്തിൽ എനിക്കു സംഭാവന തന്ന ബൈബിൾ എനിക്ക് അവർ തപാലിൽ അയച്ചു തന്നു. ഞാൻ അതു വായിക്കുവാൻ കൂട്ടാക്കിയില്ല.

അങ്ങനെയിരിക്കെ രണ്ടു ദൈവദാസന്മാർ എന്നോട് സംസാരിപ്പാനായിവന്നു. ഇവർ എന്റെ ഭാര്യ ഷേർലിയെ ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നവരാണ്. എന്റെ ഭാര്യയത്രെ അവരെ അയച്ചതു്. ഒരു മണിക്കൂർ സംഭാഷിച്ചപ്പോഴേയ്ക്കും അഗാധമായ പാപബോധം എനിക്കുണ്ടായി. അവർ യാത്ര പറഞ്ഞിറങ്ങുമ്പോൾ എന്നോട് ചോദിച്ചു: ''ടേണർ, നീ വേദപുസ്തകം വായിക്കാറുണ്ടോ?'' ഞാൻ ഉത്തരം പറഞ്ഞില്ല സാമാന്യമര്യാദ എന്ന നിലയിൽ അവരോട് വീണ്ടും വരുവാൻ അപേക്ഷിച്ചിട്ടു വന്ദനം പറഞ്ഞു. ആ രാത്രിയിൽ കിടക്കയിൽ കിടന്നുകൊണ്ടു് ഞാൻ എന്നോടുതന്നെ ചോദിച്ചു. ''ടേണർ, നീ നിന്റെ ജീവിതത്തിൽ ഒരിക്കലും ദൈവത്തിനു സ്ഥാനം കൊടുത്തിട്ടില്ല, അവനു പുറം തിരിഞ്ഞു

കൊണ്ടു് കൂടുതൽ കൂടുതൽ പാപക്കുഴിയിലേക്കിറങ്ങിപ്പോയി. ഓരോ നിമിഷവും നിന്റെ ആത്മാവു് വേദനകൊണ്ടു് പിടയുകയാണു്. എന്തുകൊണ്ടു് ദൈവത്തിനു് ഒരവസരം നൽകിക്കൂടാ?'' പെട്ടെന്നു് ഞാൻ വേദപുസ്തകം എടുത്തു അനേക വർഷങ്ങൾക്കുള്ളിൽ ആദ്യമായി അതു തുറന്നുവായിച്ചു. ചില ആഴ്ചകൾ തുടർന്നു വായിച്ചപ്പോൾ എന്റെ ആത്മാവിൽ സമാധാനം ലഭിക്കേണ്ടതിനു് ആദ്യം ദൈവത്തോടു് നിരപ്പു പ്രാപിക്കേണം എന്നെനിക്കു ബോദ്ധ്യമായി.

അടുത്ത ഞായറാഴ്ച ആരാധന സമയത്തു് പ്രസംഗകൻ ''കണ്ടാലും ഞാൻ വാതിൽക്കൽ മുട്ടുന്നു'' (വെളി. 3:20) എന്നു പല പ്രാവശ്യം ആവർത്തിച്ചുകൊണ്ടിരുന്നു. ആ വാക്കുകൾ എന്റെ ഹൃദയത്തിലേയ്ക്കു് തുളച്ചുകയറി. ദൈവം എന്നോടു് സംസാരിക്കുന്നു. എനിക്കു് ഒളിപ്പാൻ സ്ഥലമില്ല. ഇതു് എന്റെ അവസാനത്തെ അവസരമാണെന്നു മനസ്സിലായി. അവനെ സ്വീകരിക്കുകയോ ഉപേക്ഷിക്കുകയോ?

ആ രാത്രി കർത്താവു് അകത്തു കടപ്പാനായി എന്റെ ഹൃദയവാതില്ക്കൽ മുട്ടുന്നുവെന്ന ശക്തി



യായ തോന്നൽ. ഞാൻ എന്റെ കിടക്കയ്ക്കരികിൽ മുട്ടുകുത്തി ''ദൈവമേ, മഹാപാപിയായ എന്നോടു കരുണ തോന്നേണമേ'' എന്നു പറഞ്ഞു നിലവിളിച്ചു. ഒരു ജീവിതകാലത്തെ ദുരിതം നിറഞ്ഞ പാപഭാരം കണ്ണീരിലൂടെ ഉരുകി ഒലിച്ചുപോയി. ''കർത്താവേ മനസ്സലിഞ്ഞു് എന്നെ രക്ഷിക്കണമേ'' എന്നു വിങ്ങിവിങ്ങി കരഞ്ഞു പ്രാർത്ഥിച്ചപ്പോൾ, മുമ്പു് എന്റെ മേൽ ഒരു ടൺ ഭാരം കെട്ടിവച്ചിരുന്നതുപോലെയുള്ള അനുഭവം നീങ്ങി എനിക്കു സ്വസ്ഥത കിട്ടി. പറഞ്ഞറിയിക്കാനാവാത്ത ശാന്തത എന്റെ ഹൃദയത്തിലേയ്ക്കു കടന്നുവന്നു. അളവില്ലാത്ത സന്തോഷം! ദൈവം എനിക്കു സമ്പൂർണ്ണമായ വിടുതൽ തന്നു. ഈ സന്തോഷം വിവരിക്കാൻ പ്രയാസം. ദൈവത്തിന്റെ കരുണ എത്ര വലിയതു്! ഞാൻ സന്തോഷംകൊണ്ടു തുള്ളിച്ചാടി. യേശുക്രിസ്തു ഏതു ഹീനപാപിയേയും രക്ഷിക്കുന്നു.

ആ ദിവസംമുതൽ ദൈവം എന്നെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. അവനു് എത്രമാത്രം നന്ദിപറഞ്ഞാലും മതിയാവില്ല. എന്റെ ഈ അനുഭവം നിങ്ങൾക്കു് എഴുതുന്നതു്, എനിക്കു പററിയ തെററുകൾ നിങ്ങൾക്കു് വന്നുഭവി

ക്കാതിരിപ്പാൻ, കാലം വൈകിപ്പോകുന്നതിനു മുമ്പ് ഒരു മുന്നറിയിപ്പ് തരുന്നതിനുവേണ്ടിയാണ്. ഞാൻ കണ്ടെത്തിയ രക്ഷകനെ കണ്ടെത്തിയവർ എന്റെ ഈ സന്തോഷത്തിൽ പങ്കുചേരും എന്നെനിക്കറിയാം. നിങ്ങൾ ഇന്നുവരേയും യേശുക്രിസ്തുവിങ്കലേക്കു വന്നിട്ടില്ലെങ്കിൽ സഹോദരാ, സഹോദരീ, നിന്നെത്തന്നെ പരിശോധിക്കുവാൻ ഞാൻ അപേക്ഷിക്കയാണ്. അന്വേഷിക്കുന്നേവർക്കേ ക്രിസ്തുവിനെ കണ്ടെത്തുവാൻ കഴിയൂ. അവൻ നിന്റെ ഹൃദയവാതില്ക്കൽ നിന്നു മുട്ടുന്നു. നീ അവനെ തിരസ്കരിക്കുമോ സ്വീകരിക്കുമോ? രക്ഷയുടെ അനുഭവത്തിലേയ്ക്കു വന്നിട്ടില്ലാത്തവരെ ഓർത്ത് എന്റെ ഹൃദയം വിലപിക്കുന്നു. ഞാൻ കുത്തിക്കുറിക്കുന്ന ഈ വാക്കുകൾ നിങ്ങളെ യേശുക്രിസ്തുവിങ്കലേയ്ക്ക് തിരിക്കുവാൻ സഹായിച്ചെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കയാണ്.

ഞാൻ ഒരു എഴുത്തുകാരനല്ല. വാക്കുകൾ കൊണ്ട് ഒരു മനോഹര ചിത്രം വരച്ചുകാട്ടുവാൻ എനിക്കു കഴിവില്ല. ഇവിടെയുള്ള ഏക മനോഹരത്വം ദൈവത്തിന്റെ സ്നേഹമാണ്. തങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിക്കുന്നവർക്ക് അവൻ കരുണയും നിത്യജീവനും നൽകുന്നു. നാം എല്ലാം പാപികളാണ്. നമ്മുടെ വീണ്ടെടുപ്പിനായി യേശുക്രിസ്തു കാൽവറി ക്രൂശിൽ ജീവൻ ബലിയർപ്പിച്ചു. അവന്റെ വലിയ സ്നേഹം നമ്മെ സ്വാഗതംചെയ്യുന്നു.

നിങ്ങളുടെ അടുത്തേയ്ക്കുവന്നു സംസാരിച്ചാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. പക്ഷേ, എഴുതാൻ മാത്രമേ സാധിക്കുന്നുള്ളു. എനിക്കു സ്വന്തമായി ഒന്നും നേടുവാനല്ല. പിന്നെയോ, എന്നെ വീണ്ടെടുത്ത രക്ഷകനെ മഹത്വപ്പെടുത്തുവാനായി മാത്രം എഴുതുന്നു. എന്റെ ജീവനും മരണവും അവന്റെ കൈകളിലാണ്. എന്റെ ഈ ലോകവാസം അവസാനിക്കാൻ പോകുന്നു. എത്രയും വേഗം ഞാൻ എന്റെ രക്ഷകന്റെ നിത്യമായ ഭവനത്തിലേയ്ക്കു ചേർക്കപ്പെടും. എന്നാൽ ഞാൻ പോകുന്നതിനുമുമ്പായി കഴിയുന്നത്ര ആളുകളോട് ദൈവം എനിക്കു നൽകിയ പുതിയ അനുഭവത്തെപ്പറ്റി പറയണമെന്ന് ആഗ്രഹിക്കുന്നു. കറന്റു കസേരയിലെ മരണശിക്ഷയുടെ നിഴലിൽ ഞാൻ താമസിക്കുകയാണ്. എങ്കിലും യേശുക്രിസ്തു എന്നെ ശക്തീകരിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. എന്റെ ഭാവി സ്വർഗ്ഗത്തിലെ നിത്യജീവിതമാണെന്നു എനിക്കുറപ്പുണ്ട്.

സങ്കീർത്തനക്കാരനായ ദാവീദു പറയുന്നു; ''കൂരിരുൾ താഴ്‌വരയിൽക്കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടെ ഇരിക്കുന്നുവല്ലോ. നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു.'' എന്നു് (സങ്കീർത്തനങ്ങൾ 23 : 4)

*"നിങ്ങളുടെ പാപങ്ങൾ കടുംചുവപ്പായിരുന്നാലും ഹിമംപോലെ വെളുക്കും, രക്താംബരംപോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും."*

*(യശയ്യാവു്. 1:18)*

*"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16)*

**സ്നേഹിതാ, നീ അവനിൽ വിശ്വസിക്കുമോ?**

ക്രിസ്തുമാർഗ്ഗസംബന്ധമായിട്ടുള്ള കൂടുതൽ വിവരങ്ങൾക്കും മററു ലഘുലേഖകൾക്കും താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

*പ്രസിദ്ധീകരിക്കുന്നത്:*

പ്രത്യാശാദീപം, മേഴ്സി ഹോം
ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല - 690 507